## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2526 12.02.2020-ൽ മറുപടിക്ക്

## വായ്പകൾക്ക് മുതലിനേക്കാൾ കൂടുതൽ പലിശ

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും അനുവദിക്കുന്ന വായ്പകൾക്ക് മുതലിനേക്കാൾ കൂടുതൽ പലിശ ഈടാക്കാൻ പാടില്ലെന്ന ഉത്തരവ് നിലവിലുണ്ടോ; | (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ വിതരണം ചെയ്തിട്ടുള്ള വായ്പകളിലെ കുടിശ്ശിക/നിഷ്ക്രിയ ആസ്തികൾ തിരിച്ചടയ്ക്കുന്നതിനുള്ള പ്രോത്സാഹനം എന്ന രീതിയിൽ സഹകരണ സംഘങ്ങളിൽ നിന്നും അനുവദിക്കുന്ന വായ്പകളിൽ കുടിശ്ശികയായതും നിഷ്ക്രിയ ആസ്തികളായി തുടരുന്നതുമായ അഞ്ച് ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശ മുതലിനെക്കാൾ കൂടുതലായി വർദ്ധിച്ചിട്ടുണ്ടെങ്കിൽ അത്തരം വായ്പകളിൽ മുതൽ ഇനത്തിൽ ബാക്കി നിൽക്കുന്ന തുകയ്ക്ക് തുല്യമായ പലിശയും മുതലിനെക്കാൾ അധികരിച്ച പലിശ തുകയുടെ 5% തുക ഭരണചെലവ് ഇനത്തിലും ഈടാക്കി വായ്പ കണക്ക് അവസാനിപ്പിക്കുന്നതിനുള്ള സഹകരണ സംഘം രജിസ്ട്രാറുടെ 82/2013 നമ്പർ സർക്കുലർ നിർദ്ദേശം നിലവിലുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഉത്തരവിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | സഹകരണ സംഘം രജിസ്ട്രാറുടെ 82/2013 നമ്പർ സർക്കുലർ നിർദ്ദേശത്തിന്റെ പകർപ്പ് ഇതോടൊന്നിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (സി) | വായ്പ എടുത്ത ശേഷം മരണപ്പെട്ടു പോയവരുടെ പേരിലുള്ള ബാദ്ധ്യത എഴുതിത്തള്ളുന്നതിനോ ഇളവുകൾ അനുവദിക്കുന്നതിനോ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ? | (സി) | വായ്പ എടുത്ത ശേഷം മരണപ്പെട്ടു പോയവരുടെ പേരിലുള്ള ബാദ്ധ്യത എഴുതി ത്തള്ളുന്നത്/ഇളവുകൾ അനുവദിക്കുന്നതിന് കേരള റിസ്ക് ഫണ്ട് പദ്ധതി നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | വായ്പയെടുത്ത അംഗം വായ്പ കാലാവധിയിലോ വായ്പ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പ മുതൽ അല്ലെങ്കിൽ രണ്ട് ലക്ഷം രൂപ ഇതിൽ ഏതാണോ കുറവ് ആ തുക റിസ്ക് ഫണ്ട് നിയമാവലിയ്ക്ക് വിധേയമായി ഫണ്ടിൽ നിന്നും നൽകും. കൂടാതെ വായ്പയെടുത്ത ശേഷം വായ്പ കാലാവധിയ്ക്കുള്ളിൽ വായ്പക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ ഒരു ലക്ഷം രൂപ ആനുകൂല്യം പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

തിരുവനന്തപുരം

നമ്പർ. സി.പി(5)53360/2013

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : **03.01.2014.**
Email: keralarcs.coop@kerala.gov.in
website : www.cooperation.kerala.gov.in
Fax : 0471-2331513
Tel-0471-2330726

**സർക്കുലർ നമ്പർ. 82/13**

വിഷയം : സഹകരണ വകുപ്പ് - സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വിതരണം ചെയ്തിട്ടുള്ള വായ്പകളിലെ കുടിശ്ശിക/നിഷ്ക്രിയ ആസ്തികൾ തിരിച്ചടയ്ക്കുന്നതിനുളള പ്രോത്സാഹനം - മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. 20.08.2010 ലെ സർക്കുലർ നമ്പർ. 49/2010
2. 25.09.2013 ലെ സർക്കുലർ നമ്പർ 59/2013
3. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16.11.2013 ന് ചേർന്ന സെൻട്രൽ ബാങ്ക് കോൺഫറൻസിലെ തീരുമാനം.

................

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ വായ്പകൾ സമയബന്ധിതമായി ഈടാക്കുക എന്ന ലക്ഷ്യം മുൻനിർത്തി വായ്പക്കാർക്ക് തിരിച്ചടവിന് പ്രോത്സാഹനമായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും നൽകിയ വായ്പകളിൽ കുടിശ്ശികയായതും നിഷ്ക്രിയ ആസ്തികളായി തുടരുന്നതുമായ 5 ലക്ഷം രൂപവരെയുള്ള വായ്പകളിൽ പലിശ മുതലിനേക്കാൾ കൂടുതലായി വർദ്ധിച്ചിട്ടുണ്ടെ ങ്കിൽ അത്തരം വായ്പകളിൽ മുതൽ സംഖ്യയും മുതൽ ഇനത്തിൽ ബാക്കി നിൽപ്പുള്ള തുകയ്ക്ക് തുല്യമായ പലിശയും പലിശയുടെ 10% തൻചെലവും ഈടാക്കി വായ്പാ ബാദ്ധ്യത അവസാനിപ്പിക്കാൻ സഹകരണ സംഘങ്ങൾക്ക് സൂചന (1) പ്രകാരം നിർദ്ദേശം നൽകുകയും സഹകാരികളുടെ ഉന്നതതല യോഗത്തിലെ നിർദ്ദേശ പ്രകാരം സൂചന (2) പ്രകാരം പ്രസ്തുത സർക്കുലർ നിർദ്ദേശം പിൻവലിക്കുകയും ചെയ്തിരുന്നു.

എന്നാൽ 49/2010 സർക്കുലർ വ്യവസ്ഥകൾ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിന് സഹായകരമായിരുന്നുവെന്നും ആയതിൽ ടി സർക്കുലർ പുന : സ്ഥാപിക്കണമെന്ന് സൂചന (3) പ്രകാരം ചേർന്ന സെൻട്രൽ ബാങ്ക് കോൺഫറൻസിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും നൽകിയ 5 ലക്ഷം വരെയുള്ള വായ്പകൾ കുടിശ്ശികയാകുകയും പലിശ മുതലിനേക്കാൾ വർദ്ധിച്ചിട്ടുണ്ടെ ങ്കിൽ അത്തരം വായ്പകളിൽ മുതലും മുതലിനത്തിൽ ബാക്കിനിൽപ്പുള്ള തുകയ്ക്ക് തുല്യമായ പലിശയും പലിശയുടെ 10% തൻചെലവും മാത്രം ഈടാക്കി വായ്പാ ബാധ്യത അവസാനിപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ട ുള്ള 49/2010 സർക്കുലർ വ്യവസ്ഥകൾ ഭേദഗതിയോടെ പുനഃസ്ഥാപിക്കാൻ തീരുമാനിക്കുന്നു.

ആയതു പ്രകാരം 5 ലക്ഷം വരെയുള്ള വായ്പകൾ തിരിച്ചടയ്ക്കാതെ നിഷ്ക്രിയ ആസ്തികളായി/കുടിശ്ശികയായി നിൽക്കുകയും, ടി വായ്പകളിൽ നിലവിലുള്ള പലിശ, മുതലിനേക്കാൾ കൂടുതലായി വർദ്ധിച്ചിട്ടുണ്ടെ ങ്കിൽ അത്തരം വായ്പകളിൽ മുതൽ ഇനത്തിൽ ബാക്കി നിൽക്കുന്ന തുകയ്ക്ക് തുല്യമായ പലിശയും, മുതലിനേക്കാൾ അധികരിച്ച പലിശതുകയുടെ 5% തുക ഭരണചിലവിനത്തിൽ ഈടാക്കി വായ്പാകണക്കവസാനിപ്പിക്കാവുന്നതാണ്.

പലിശ സംഖ്യ മുതൽ തുകയെക്കാൾ അധികരിക്കാത്ത കേസിൽ, വായ്പ നൽകുമ്പോഴത്തെ നിരക്കോ, ഇപ്പോഴത്തെ നിരക്കോ ഏതാണോ കുറവ്, ടി നിരക്കിൽ വായ്പ തുക അടച്ച് അവസാനിപ്പിക്കാവുന്നതാണ്.

ഇക്കാര്യത്തിൽ ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർക്ക് ആവശ്യമായ നിർദ്ദേശം ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)/അസിസ്റ്റന്റ് രജിസ്ട്രാർമാർ നൽകേണ്ട താണ്.

ഒപ്പ്
കെ.ഗോപാല കൃഷ്ണഭട്ട്.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :
1. സെക്രട്ടറി, കേരള നിയമസഭ.
2. രജിസ്ട്രാർ, കേരള ഹൈക്കോടതി.
3. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്
4. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6. മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ ബാങ്ക് (ലി)
7. മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്
8. എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/
   ബാങ്കുകൾക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം)
9. ജനറൽ മാനേജർ,
   എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.
10. എഡിറ്റർ, സഹകരണ വീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)
11. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ.
12. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ട് ുമാർക്കും
13. വെബ്സൈറ്റ്
14. സ്റ്റോക്ക് ഫയൽ
15. സ്പെയർ.